# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003

ഫോൺ : 0471 2727378,0471 2727379 email : obcdirectorate@gmail.com


**BCDD-A1-1080/16(1)** തീയതി : 29/12/2017

## നോട്ടിഫിക്കേഷൻ

**കേ**രള സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പിലെ തിരുവനന്തപുരം വകുപ്പ് ഡയറക്ടറേറ്റ്, എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം എന്നിവിടങ്ങളിൽ നിലവിലുളള ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിലേയ്ക്ക് അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിൽ 45800-89000 രൂപ ശമ്പള സ്കെയിലിൽ, ഭരണപരമായ ജോലികൾ കൈകാര്യം ചെയ്യുന്ന ജീവനക്കാരിൽ നിന്നും വകുപ്പ് മേധാവികൾ മുഖാന്തിരം അപേക്ഷ ക്ഷണിക്കുന്നു. ഒഴിവുകൾ ചുവടെ രേഖപ്പെടുത്തും പ്രകാരമാണ്.

| ഓഫീസ് | ഒഴിവ് |
|---|---|
| വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം | 1 |
| മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, എറണാകുളം | 1 |
| മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കോഴിക്കോട് | 1 |

വ്യക്തിഗത ആപ്ലിക്കേഷൻ പ്രഫോർമ, ബയോഡാറ്റ, KSR 144-ാം ചട്ട പ്രകാരമുളള സ്റ്റേറ്റ്മെന്റ്, വകുപ്പ് മേധാവിയുടെ നിരാക്ഷേപ സാക്ഷ്യപത്രം എന്നിവ സഹിതം 2018 ജനുവരി 31 നകം ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, നാലാംനില, അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ.-695003, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. വൈകി ലഭിക്കുന്നതോ, അപൂർണ്ണമായതോ, ഉചിതമാർഗ്ഗേനയല്ലാതെ ലഭിയ്ക്കുന്നതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(ഒപ്പ്)

**ഡയറക്ടർ**

**പകർപ്പ്**

1) ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്
2) നോട്ടീസ് ബോർഡ്